**Desabhimani**

**17 July 2018**

**Kolenchery; Five Houses were Destroyed and Agicultrue Was Destroyed**

# 5 വീടുകൾ തകർന്നു, കൃഷി നശിച്ചു

**കോലഞ്ചേരി**

കനത്ത മഴയിൽ കുന്നത്തുനാട്, പൂതൃക്ക പഞ്ചായത്തുകളിലായി അഞ്ച് വീടുകൾ തകർന്നു. ചിറ്റനാട് ചാക്ക്യാത്തുമല കുമാരി കൃഷ്ണൻ, കാർത്തു കുടുമ, പടിഞ്ഞാറേ മോറയ്ക്കാല കാഞ്ഞിരക്കോട്ടിൽ അമ്മിണി വേലായുധൻ, കറുകപ്പിള്ളി ഇച്ചിരക്കുന്ന് ലക്ഷംവീട് കോളിയിൽ കുഞ്ഞിക്കാളി, കാരുക്കാമറ്റത്തിൽ സനൽ എന്നിവരുടെ വീടുകളാണ് തകർന്നത്. കറുകപ്പിള്ളി ഗവ. യുപി സ്കൂളിൽ 22 കുടുംബങ്ങൾക്കായി ദുരിതാശ്വാസ ക്യാമ്പ് തുറന്നു. പഞ്ചായത്ത് പ്രസിഡന്റ് ഷിജി അജയന്റെ നേതൃത്വത്തിൽ പഞ്ചായത്തംഗങ്ങളും റവന്യൂ അധികൃതരും പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നുണ്ട്. തിരുവാണിയൂർ പഞ്ചായത്തിലെ ഞാറത്തടം ലക്ഷംവീട് കോളനിയിലുള്ളവരും, കവലേശ്വരം റോഡിന് സമീപമുള്ളവരും ബന്ധുവീടുകളിലും സമീപ വീടുകളിലുമായാണ് താസിക്കുന്നത്. ഇവർക്കുള്ള ഭക്ഷണം റവന്യൂ അധികൃതർ നൽകുന്നുണ്ട്.

കൊച്ചിധനുഷ്കോടി ദേശീയപാതയിൽ മാമലയിൽ വെള്ളം കയറിയതുമൂലം നിരവധി ഇരുചക്രവാഹന യാത്രികർ ദുരിതത്തിലായി. രാവിലെ ജോലിക്കും മറ്റും പോകേണ്ട നൂറുകണക്കിന് യാത്രക്കാർ ഇരുവശങ്ങളിലുമായി കുടുങ്ങിക്കിടന്നു. തകരാറിലായ പലവാഹനങ്ങളും നാട്ടുകാരുടെ സഹായത്തോടെയാണ് മാറ്റിയത്. കോലഞ്ചേരിതമ്മാനിമറ്റം, കോലഞ്ചേരി കിങ്ങിണിമറ്റം റോഡിൽ ഗതാഗതം പുനഃസ്ഥാപിക്കാനായിട്ടില്ല. പല പ്രദേശങ്ങളിലെയും കൃഷിയിടങ്ങൾ ഇപ്പോഴും വെള്ളത്തിനടിയിലാണ്. കുടുംബശ്രീ യൂണിറ്റുകളും കർഷക സംഘടനകളും ഓണം വിപണി ലക്ഷ്യംവച്ച് ഇറക്കിയ പച്ചക്കറി കൃഷി വ്യാപകമായി നശിച്ചു.